"ഭരണഭാഷ – മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് – സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം കാലതാമസം പരിഗണിക്കാതെ ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (എ) വകുപ്പ്**

**സ.ഉ. (സാധാ) നം.494/2025/വശിവിവ        തീയതി, തിരുവനന്തപുരം, 20.12.2025**

---

പരാമർശം:-

1. സ.ഉ.(സാധാ)നം.677/2019/സാനീവ തീയതി 28.10.2019.
2. സ.ഉ.(കൈ)നം.13/2025/വശിവിവ തീയതി 19.07.2025.
3. പത്തനംതിട്ട ജില്ലാകളക്ടറുടെ 21.10.2025 തീയതിയിലെ DCPTA/4000/2025-F5 നമ്പർ കത്ത്.
4. വനിത ശിശു വികസന ഡയറക്ടറുടെ 31.10.2025 തീയതിയിലെ DWCD/3944/2024-WEC2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായ പദ്ധതി പ്രകാരമുള്ള അപേക്ഷയിൽ മൂന്ന് വർഷം വരെ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ കാലതാമസം പരിഗണിക്കാതെ അനുമതി നൽകുന്നതിനുള്ള അധികാരം പരാമർശം (1) പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർക്കാണ്. 3 വർഷത്തിന് ശേഷം സമർപ്പിക്കുന്ന അപേക്ഷകളിൽ കാലതാമസം പരിഗണിക്കുന്നത് സംബന്ധിച്ച പൊതുവായ മാർഗനിർദ്ദേശങ്ങൾ പരാമർശം (2) മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതിപ്രകാരമുള്ള ധനസഹായത്തിനുള്ള അപേക്ഷ, പരാമർശം (1) പ്രകാരമുള്ള നിശ്ചിത സമയപരിധിക്കകം സമർപ്പിക്കാൻ കഴിയാതെപോയ ശ്രീമതി.ലതിക, മോഹന വിലാസം, വാളക്കുഴി, എഴുമറ്റൂർ-ന്റെ അപേക്ഷ അനുകൂലമായി പരിഗണിക്കണമെന്ന പരാമർശം (3) പ്രകാരമുള്ള പത്തനംതിട്ട ജില്ലാകളക്ടറുടെ ശിപാർശയിന്മേൽ വിശദമായ റിപ്പോർട്ട് സഹിതം വനിത ശിശു വികസന ഡയറക്ടർ പരാമർശം (4) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായ പദ്ധതി" പ്രകാരം ശ്രീമതി.ലതിക, മോഹന വിലാസം, വാളക്കുഴി, എഴുമറ്റൂർ തന്റെ മകൾ ഗീതുമോഹന്റെ വിവാഹ ധനസഹായത്തിനായുള്ള അപേക്ഷ സമർപ്പിച്ചതിലുള്ള അറിവില്ലായ്മ മൂലമുണ്ടായ

കാലതാമസം പരിഗണിക്കാതെ ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**മനോജ് എം.എസ്.**

**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
അപേക്ഷകയ്ക്ക് (വനിത ശിശു വികസന ഡയറക്ടർ മുഖേന)
ജില്ലാ കളക്ടർ, പത്തനംതിട്ട
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.